15 -ാം കേരള നിയമസഭ

5 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2321 | 06-07-2022 - ൽ മറുപടിയ്ക്ക്

ലഹരി വസ്തുക്കളുടെ ഉപയോഗവും വില്പനയും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലഹരി വസ്തുക്കളുടെ ഉപയോഗവും വില്പനയും തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | ലഹരി വസ്തുക്കളുടെ ഉപയോഗവും വില്പനയും തടയുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വിവിധ ബോധവൽക്കരണ പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി വിവര ശേഖരണത്തിനായി ജില്ലാതലത്തിൽ കൺട്രോൾ റൂമുകൾ പ്രവർത്തിച്ചു വരുന്നു. ഓരോ ജില്ലയിലും 24 മണിക്കൂറും സ്ട്രൈക്കിംഗ് ഫോഴ്സ് ടീമുകൾ പ്രവർത്തിക്കുന്നു. എല്ലാ പ്രധാന റോഡുകളിലും ശക്തമായ വാഹന പരിശോധന നടത്തുകയും, പരാതികളിലും, രഹസ്യ വിവരങ്ങളുടെ അടിസ്ഥാനത്തിലും അടിയന്തിരമായി ഇടപെട്ട് വ്യാജ മദ്യ നിർമ്മാണ പ്രവൃത്തികൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരി വസ്തുക്കളുടെ വില്പനയ്ക്കെതിരെ എല്ലാ ജില്ലകളിലും എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡും, സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗവും ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ രഹസ്യ വിവരങ്ങൾ ലഭ്യമാക്കുന്നതിന് എക്സൈസ് ഇന്റലിജൻസ് വിഭാഗവും എക്സൈസ് ഷാഡോ സംവിധാനവും പ്രവർത്തിക്കുന്നുണ്ട്.<br><br>ചെക്ക് പോസ്റ്റുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചും, വയർലെസ് സംവിധാനം ഏർപ്പെടുത്തിയും, വാഹന പരിശോധന കർശനമാക്കിയും അന്യസംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലകളിൽ ബോർഡർ പട്രോളിംഗ് നടത്തിയും, ലഹരി വസ്തുക്കളുടെ വില്പന തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പോലീസ്, ഫോറസ്റ്റ്, റവന്യൂ, റെയിൽവേ തുടങ്ങിയ മറ്റു വകുപ്പുകളുമായി ചേർന്നും ലഹരി വസ്തുക്കളുടെ |

| | | | |
|---|---|---|---|
| | | | ഉപയോഗവും വില്പനയും തടയുന്നതിനുള്ള സംയുക്ത റെയിഡുകൾ നടത്തി വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും, ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ തുടങ്ങി ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാൻ ഇടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി ലഹരി വസ്തുക്കളുടെ ഉപയോഗവും വ്യാപനവും തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ശരിയായ അറിവ് സ്കൂൾ വിദ്യാർത്ഥികൾക്കും, യുവാക്കൾക്കും പകർന്ന് നൽകി അവർക്കിടയിലെ ലഹരി ഉപയോഗം ഗൗരവമായി കണ്ട് ലഹരി ഉപയോഗത്തിനെതിരെ സാമൂഹിക കൂട്ടായ്മ വളർത്തിയെടുക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ വിമുക്തി മിഷൻ നടത്തി വരുന്നു. |
| (ബി) | മാവേലിക്കരയിൽ ലഹരി വസ്തുക്കളുടെ ഉപയോഗവും കച്ചവടവും നിയന്ത്രിക്കുന്നതിനും തടയുന്നതിനുമായി സ്വീകരിച്ച നടപടികളും രജിസ്റ്റർ ചെയ്ത് നടപടി എടുത്ത കേസുകളുടെ വിവരങ്ങളും ലഭ്യമാക്കുമോ? | (ബി) | മാവേലിക്കരയിൽ ലഹരി വസ്തുക്കളുടെ ഉപയോഗവും കച്ചവടവും നിയന്ത്രിക്കുന്നതിനും തടയുന്നതിനുമായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തി വരുന്നു. കൂടാതെ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വിമുക്തി പദ്ധതിയുടെ ഭാഗമായി സ്കൂളുകൾ, കോളേജുകൾ, ക്ലബ്ബുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് 316 വിമുക്തി ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുകയും മാവേലിക്കര ലഹരി ഡി-അഡിക്ഷൻ സെന്ററിൽ 130 പേർക്ക് ലഹരി ഉപയോഗത്തിനെതിരെ കൗൺസിലിഗ് നല്കിയിട്ടുമുണ്ട്.<br><br>മാവേലിക്കരയിൽ കഴിഞ്ഞ ഒരു വർഷം 2139 റെയ്ഡുകൾ നടത്തുകയും, 284 അബ്കാരി കേസുകളും, 25 എൻ.ഡി.പി.എസ്. കേസുകളും രജിസ്റ്റർ ചെയ്യുകയും, ടി കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള 370 പ്രതികളിൽ 281 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. ആയതിൽ തൊണ്ടി വകയായി 1452 ലിറ്റർ സ്പിരിറ്റ്, 188.9 ലിറ്റർ ചാരായം, 11920 ലിറ്റർ കോട, 512.70 ലിറ്റർ ഇന്ത്യൻ നിർമ്മിത വിദേശമദ്യം, 48.6 ലിറ്റർ ബിയർ, 5.946 കി.ഗ്രാം. ഗഞ്ചാവ്, 1.062 ഗ്രാം എം.ഡി.എം.എ, 1 ഗ്രാം ഹാഷിഷ് ഓയിൽ, 7 ഗഞ്ചാവ് ചെടികൾ എന്നിവ കണ്ടെടുക്കുകയും, 751 കോട്പാ കേസുകൾ രജിസ്റ്റർ ചെയ്ത് 1,50,200/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ